"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - കൈത്തറി & ടെക്സ്റ്റൈൽസ് ഡയറക്ടറുടെ നിലവിലെ ഔദ്യോഗിക വാഹനം മാറ്റി ജെം പോർട്ടൽ മുഖേന പുതിയ വാഹനം വാങ്ങുന്നതിനായി "5475-00-800-74 Fund for replacing phased out Government vehicles (PV)" എന്ന ശീർഷകത്തിൽ ചിലവു വകയിരുത്തി നൽകിയ ഭരണാനുമതിയിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ(സി) വകുപ്പ്**

സ.ഉ.(സാധാ) നം.1519/2025/ID തീയതി,തിരുവനന്തപുരം, 19-12-2025

---

പരാമർശം:-
1. സ.ഉ.(സാധാ) നം.1297/2025/വ്യവ തീയതി 10/10/2025.
2. സ.ഉ.(സാധാ) നം.8563/2025/ധന തീയതി 27/10/2025.
3. കൈത്തറി ഡയറക്ടറുടെ 17/11/2025 തീയതിയിലെ എച്ച്. എൽ/1197/2024-ഇ2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൈത്തറി & ടെക്സ്റ്റൈൽസ് ഡയറക്ടറുടെ നിലവിലെ ഔദ്യോഗിക വാഹനം മാറ്റി ജെം പോർട്ടൽ മുഖേന പുതിയ വാഹനം (Maruti Suzuki XL-6 Smart Hybrid ZETA 1.5 Manual) വാങ്ങുന്നതിനായി 5475-00-800-74 Fund for replacing phased out Government vehicles (PV) എന്ന ശീർഷകത്തിൽ 9,90,000/- രൂപ (ഒൻപതു ലക്ഷത്തി തൊണ്ണൂറായിരം രൂപ) ചിലവു വകയിരുത്തി ഭരണാനുമതി നൽകി സൂചന (1) പ്രകാരം ഉത്തരവായിരുന്നു.

(2) രാജ്യത്ത് വാഹനങ്ങളുടെ വില കുറഞ്ഞ സാഹചര്യത്തിൽ, Maruti Suzuki XL-6 Smart Hybrid ZETA 1.5 Manual വാഹനത്തിനേക്കാളും കൂടുതൽ കാര്യക്ഷമതയുള്ള Kia Carens Clavis Smartstream G1.5 6MT HTP 7 എന്ന വാഹനം 9,69,687/- രൂപ വിലയിൽ ജെം പോർട്ടലിൽ ഉൾപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ, കൈത്തറി ഡയറക്ടർക്ക് ഔദ്യോഗിക ആവശ്യങ്ങൾക്കായി 9,90,000/-വിലയിൽ Maruti Suzuki XL-6 Smart Hybrid ZETA 1.5 Manual വാഹനം വാങ്ങുന്നതിനായി സൂചന (1)പ്രകാരം നൽകിയ അനുമതി ഭേദഗതി ചെയ്ത് പ്രസ്തുത വാഹനത്തിന് പകരം കൂടുതൽ കാര്യക്ഷമതയുള്ള Kia Carens Clavis Smartstream G1.5 6MT HTP 7 എന്ന വാഹനം വാങ്ങുന്നതിനുള്ള അനുമതി നൽകണമെന്ന് സൂചന (3) പ്രകാരം കൈത്തറി ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

(3) സർക്കാർ ഇക്കാര്യം പരിശോധിച്ചു. കൈത്തറി & ടെക്സ്റ്റൈൽസ് ഡയറക്ടറുടെ നിലവിലെ ഔദ്യോഗിക വാഹനം മാറ്റി ജെം പോർട്ടൽ മുഖേന പുതിയ വാഹനം വാങ്ങുന്നതിനായി, സൂചന (1) പ്രകാരം സർക്കാർ അനുമതി നൽകിയ 9,90,000/-രൂപ (ഒൻപതു ലക്ഷത്തി തൊണ്ണൂറായിരം രൂപ) യ്ക്കുള്ളിൽ, 5475-00-800-74 Fund for replacing phased out

Government vehicles (PV) എന്ന ശീർഷകത്തിൻ കീഴിൽ ചിലവു വരുത്തി, Maruti Suzuki XL-6 Smart Hybrid ZETA 1.5 Manual വാഹനത്തിന് പകരം Kia Carens Clavis Smartstream G1.5 6MT HTP 7 വാഹനം വാങ്ങുന്നതിനായി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(4) മേൽ ഭേദഗതിയോടെ സൂചന (1) ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഹേമ വി

ജോയിന്റ് സെക്രട്ടറി

വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം.

കൈത്തറി ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കെ-ബിപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ജി&എസ്.എസ്.എ), കേരള,
തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

ധനകാര്യവകുപ്പ് (I&PW-A1/199/2024-FIN dated 06/12/2025 പ്രകാരം).

വിവരപൊതുജനസമ്പർക്കവകുപ്പ്

(സർക്കാർ ഉത്തരവ് വെബ് സൈറ്റിൽ പ്രസി ദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Divya Y V

Date: 19-12-2025 15:23:18

സെക്ഷൻ ഓഫീസർ

ബഹു.വ്യവസായവകുപ്പ് മന്ത്രിയുടെ പി.എസ്-ന്

വ്യവസായവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്